**File No.HEDN-F1/52/2019-HEDN**

1910
28/1/20

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

<u>സംഗ്രഹം</u>

ഉന്നത വിദ്യാഭ്യാസ വകുപ്പ് - കോളേജ് വിദ്യാഭ്യാസം - ഇടുക്കി ജില്ലയിൽ പുതിയതായി പ്രവർത്തനമാരംഭിച്ച ശാന്തൻപാറ ഗവണ്മെന്റ് ആർട് സ് & സയൻസ് കോളേജിൽ അനദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ച് ഉത്തരവാകുന്നു.

---

ഉന്നത വിദ്യാഭ്യാസ (എഫ്) വകുപ്പ്

സ.ഉ.(കൈ) നം.53/2020/ഉ.വി.വ      തീയതി,തിരുവനന്തപുരം, 25/01/2020

---

പരാമർശം:- 1 കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 13.02.2019 - ലെ പി1/13420/2018/കോ.വി.വ നമ്പർ കത്ത്.

<u>ഉത്തരവ്</u>

ഇടുക്കി ജില്ലയിൽ പുതുതായി പ്രവർത്തനമാരംഭിച്ച ശാന്തൻപാറ ഗവൺമെന്റ് ആർട് സ് ആന്റ് സയൻസ് കോളേജിൽ അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിന് പരാമർശത്തിലെ കത്ത് പ്രകാരം കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ശുപാർശ സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ശാന്തൻപാറ ഗവൺമെന്റ് ആർട് സ് ആന്റ് സയൻസ് കോളേജിൽ ഒരു സീനിയർ സൂപ്രണ്ട്, ഒരു ഹെഡ് അക്കൗണ്ടന്റ്, ഒരു ക്ലാർക്ക് (ആകെ മൂന്ന്) എന്നീ തസ്തികകൾ സൃഷ്ടിക്കുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

3. പുതിയ തസ്തിക സൃഷ്ടിക്കുമ്പോഴുണ്ടാകുന്ന ചെലവ് 2202-03-103-99-01- Salaries (Non Plan) എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ.ഉഷ ടൈറ്റസ്**
**പ്രിൻസിപ്പൽ സെക്രട്ടറി**

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
ധനകാര്യ(വിദ്യാഭ്യാസം സി)വകുപ്പ് (07.12.19-ലെ1297559/EDN-C1/297/2019-FINനമ്പർ കുറിപ്പ് പ്രകാരം)
പൊതുഭരണ (എസ്.സി.)വകുപ്പ് (22.01.2020 ലെ 3719 -ാം നമ്പർ ഇനം പ്രകാരം)
ഡയറക്ടർ, ഐ&പി.ആർ.ഡി/ഇൻഫർമേഷൻ ഓഫീസർ,വെബ് & ന്യൂ മീഡിയ
നോഡൽ ഓഫീസർ, www.highereducation.kerala.gov.in
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-
ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റിന്
ഉന്നത വിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ സി.എ യ്ക്ക്

4187572/2020/(F) (H.Edn)

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 22-01-2020

ഫയൽ നം. എഫ്1/52/2019/ഉ.വി.വ. ഇനം നം: 3719

വിഷയം : ഉന്നത വിദ്യാഭ്യാസ വകുപ്പ് - ഇടുക്കി ജില്ലയിൽ പുതിയതായി പ്രവർത്തനമാരംഭിച്ച ശാന്തൻപാറ ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിൽ അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ടോം ജോസ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്.

Issue GO
23/1

# കേരള സർക്കാർ
## (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | എഫ്1/52/2019/ഉ.വി.വ |
| 2 | വകുപ്പ് | : | ഉന്നത വിദ്യാഭ്യാസ (എഫ്) വകുപ്പ് |
| 3 | വിഷയം | : | ഇടുക്കി ജില്ലയിൽ പുതിയതായി പ്രവർത്തനമാരംഭിച്ച ശാന്തൻപാറ ഗവണ്മെന്റ് ആർട്സ് & സയൻസ് കോളേജിൽ അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നത് - സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 28/12/2019 |
| 5 | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ ? | : | അതെ |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, | : | ഉണ്ട് |
| | ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | : | ശ്രീ. ഹരികുമാർ.ജി |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ഡോ.ഉഷ ടൈറ്റസ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 07/01/2020 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ.ടോം ജോസ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 16/01/2020 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ഡോ.കെ.ടി.ജലീൽ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 20/01/2020 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 21/01/2020 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റ നമ്പറും തീയതിയും | : | |

4187572/2020/(F) (H.Edn)

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ഇടുക്കി ജില്ലയിൽ പുതിയതായി പ്രവർത്തനമാരംഭിച്ച ശാന്തൻപാറ ഗവണ്മെന്റ് ആർട്സ് & സയൻസ് കോളേജിൽ അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ചാണ് കുറിപ്പിൽ പരാമർശിക്കുന്നത്.

2. ഇടുക്കി, ശാന്തൻപാറ ഗവണ്മെന്റ് ആർട്സ് & സയൻസ് കോളേജിൽ 10 അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയിരുന്നു.

3. ശാന്തൻപാറ ഗവണ്മെന്റ് ആർട്സ് & സയൻസ് കോളേജിൽ മേൽപരാമർശിച്ച അനദ്ധ്യാപക തസ്തികകൾ അനുവദിക്കുന്നതിനായി കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസലിന്മേൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം തേടുകയും ഇപ്രകാരം അഭിപ്രായം അറിയിക്കുകയും ചെയ്തിരുന്നു.

**"ഇടുക്കി ജില്ലയിൽ പുതുതായി പ്രവർത്തനമാരംഭിച്ച ശാന്തൻപാറ ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിൽ ഒരു സീനിയർ സൂപ്രണ്ട്, ഒരു ഹെഡ് അക്കൗണ്ടന്റ്, ഒരു ക്ലാർക്ക് (ആകെ മൂന്നു) എന്നീ തസ്തികകൾ അനുവദിക്കുന്നതിന് അനുമതി നല്കുന്നു.**

**ഇതിനു ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്."**

4. ഒരു സീനിയർ സൂപ്രണ്ട്, ഒരു ഹെഡ് അക്കൗണ്ടന്റ്, ഒരു ക്ലാർക്ക് (ആകെ മൂന്നു) എന്നീ തസ്തികകൾ സൃഷ്ടിക്കുമ്പോൾ ഉണ്ടാകുന്ന സാമ്പത്തിക ബാധ്യത ചുവടെ ചേർക്കുന്നു.

| സാമ്പത്തിക ബാധ്യത സ്റ്റേറ്റ്മെന്റ് (Estimated) (രൂപയിൽ) | | | | | | | |
|---|---|---|---|---|---|---|---|
| ക്രമ നമ്പർ | തസ്തിക | തസ്തികകളുടെ എണ്ണം | അടിസ്ഥാന ശമ്പളം | ഡി.എ (15%) | എച്ച്. ആർ.എ | Gross/ Month | Gross/ Year |
| 1 | സീനിയർ സൂപ്രണ്ട് | 1 | 36600 | 5490 | 1250 | 43,340 | 5,20,080 |
| 2 | ഹെഡ് അക്കൗണ്ടന്റ് | 1 | 27800 | 4170 | 1250 | 33,220 | 3,98,640 |
| 3 | ക്ലാർക്ക് | 1 | 19000 | 2850 | 1000 | 22,850 | 2,74,200 |
| | ആകെ | | | | | 99,410 | 11,92920 |

5. പുതിയ തസ്തികകൾ സൃഷ്ടിക്കുമ്പോഴുള്ള അധിക സാമ്പത്തിക ബാധ്യത 2202-03-103-99-01 സാലറീസ് (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

6. ഇക്കാര്യം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട കാര്യം

ഇടുക്കി ജില്ലയിൽ പുതുതായി പ്രവർത്തനമാരംഭിച്ച ശാന്തൻപാറ ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിൽ ഒരു സീനിയർ സൂപ്രണ്ട്, ഒരു ഹെഡ് അക്കൗണ്ടന്റ്, ഒരു ക്ലാർക്ക് (ആകെ മൂന്ന്) എന്നീ തസ്തികകൾ സൃഷ്ടിക്കാവുന്നതാണോ ?